I/206390/2024

**കേരളസർക്കാർ**
**കാർഷികവികസന കർഷകക്ഷേമവകുപ്പ്**
## ഫാം ഇൻഫർമേഷൻ ബ്യൂറോ

കവടിയാർ,തിരുവനന്തപുരം–695003
വെബ്സൈറ്റ്: fibkerala.gov.in
ഇ–മെയിൽ: fibtvm.agri@kerala.gov.in
ഫോൺ: 0471 -2318186, 2317314

**ഭരണഭാഷ – മാതൃഭാഷ**

**\w. ADFW/FIB/TVM/149/2024-H തീയ്യതി 16.04.2024**

വിഷയം: ഫാം ഇൻഫർമേഷൻ ബ്യൂറോ- കേരളകർഷകൻ മാസികയുടെ ജൂൺ 2024 ലക്കം മുതൽ മെയ് 2025 ലക്കം വരെ പേജ് ഡിസൈൻ & ലേഔട്ട് ചെയ്യുന്നതിന് ക്വട്ടേഷൻ ക്ഷണിക്കുന്നു.

–

ഫാം ഇൻഫർമേഷൻ ബ്യൂറോയുടെ പ്രസിദ്ധീകരണമായ കേരളകർഷകൻ മാസികയുടെ ജൂൺ 2024 ലക്കം മുതൽ മെയ് 2025 ലക്കം വരെയുള്ള ഒരു വർഷത്തെ കാലയളവിൽ ഡി.റ്റിപി ചെയ്ത മാറ്റർ, പേജ് മേക്കർ/ഇൻ ഡിസൈൻ / ഏതെങ്കിലും software ഉപയോഗിച്ച് രൂപകൽപ്പന ചെയ്ത് തരുന്നതിന് ഈ ജോലിയിൽ പ്രാഗത്ഭ്യമുള്ള ഏജൻസികൾ / വ്യക്തികളിൽ നിന്നും മുദ്ര വച്ച ക്വട്ടേഷൻ ക്ഷണിക്കുന്നു. പേജുകൾ മനോഹരമായും കൃത്യനിഷ്ഠയോടും കൂടി സമയബന്ധിതമായി രൂപകൽപ്പന ചെയ്ത് തരാൻ കഴിവുള്ളവർ മാത്രം ക്വട്ടേഷൻ സമർപ്പിക്കേണ്ടതാണ്. കമ്പ്യൂട്ടർ ഗ്രാഫിക്സിൽ അറിവും പ്രവൃത്തി പരിചയവും ഉള്ളവർക്കും മുൻഗണന. പേജ് മേക്കർ, ഫോട്ടോ ഷോപ്പ്, കോറൽ ഡ്രോ എന്നിവ അറിഞ്ഞിരിക്കണം. മറ്റു സമാനമാസികകൾ ചെയ്തുള്ള പരിചയ സമ്പത്ത് പരിഗണിക്കും.

ക്വട്ടേഷൻ സമർപ്പിക്കുന്ന വ്യക്തികൾ/സ്ഥാപനങ്ങൾ മുമ്പ് ചെയ്തിട്ടുള്ള സമാന രീതിയിലുള്ള ജോലിയുടെ 3 സാമ്പിളുകൾ ക്വട്ടേഷനോടൊപ്പം സമർപ്പിക്കേണ്ടതാണ്. Two cover system വ്യവസ്ഥയിലായിരിക്കും ക്വട്ടേഷനുകൾ പരിഗണിക്കുന്നത്. വർക്ക് സാമ്പിളുകൾ പ്രേത്യേകം കവറിലും, ക്വട്ടേഷൻ നിരക്ക് മറ്റൊരുകവറിലും ചേർത്ത് രണ്ടു പ്രൊപ്പോസലുകളും ഒരുമിച്ച് മറ്റൊരുവലിയ കവറിൽ ഇട്ടുവേണം ക്വട്ടേഷൻ സമർപ്പിക്കേണ്ടത്. സാമ്പിളുകളുടെ ഗുണനിലവാര പരിശോധനക്കുശേഷം തെരഞ്ഞെടുക്കപ്പെടുന്ന പ്രൊപ്പോസലുകൾ മാത്രം ഡിസൈൻ & ലേഔട്ട് നിരക്ക് പരിശോധിക്കുന്നതിനായി തുറക്കുന്നതായിരിക്കും. ടി നിരക്കിൽ ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയിട്ടുള്ള ക്വട്ടേഷൻ അംഗീകരിക്കുന്നതുമാണ്.

പ്രസിദ്ധീകരണത്തിൻറെ വലുപ്പം – 26 x 19 cm

I/206390/2024

പേജുകളുടെ എണ്ണം – 72 പേജ് + 4 കവർ പേജ് ( കളർ)

ലേ-ഔട്ടിനുള്ള മാറ്റർ സമയബന്ധിതമായി ചെയ്തു നൽകണം. എല്ലാ മാസവും അഞ്ചാം തീയതിയ്ക്ക് മുമ്പായി ഒന്നാം പ്രൂഫും മേലുദ്യോഗസ്ഥൻറെ നിർദ്ദേശാനുസരണം വേണ്ട തിരുത്തലുകൾ / മാറ്റങ്ങൾ വരുത്തി അന്തിമ പ്രൂഫും 15ാം തീയതിയ്ക്ക് മുമ്പായി ജോലി തീർത്തു നൽകണം. ഈ ജോലി പൂർത്തീകരിക്കാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ഫാം ഇൻഫർമേഷൻ ബ്യൂറോയിലുള്ള സൗകര്യങ്ങൾ ഉപയോഗിക്കപ്പെടുത്താവുന്നതാണ്. ഒരു ലക്കത്തിൻറെ കവർ ഡിസൈൻ, ലേ- ഔട്ട് എന്നിവയ്ക്കായി നിരക്ക് അക്കത്തിലും അക്ഷരത്തിലും വ്യക്തമായി രേഖപ്പെടുത്തണം. ഈ നിരക്കിന് ജൂൺ 2024 മുതൽ മെയ് 2025 വരെ പ്രാബല്യമുണ്ടായിരിക്കും. ഈ കാലയളവിൽ നിരക്കിൽ വർദ്ധനവ് അനുവദിക്കുന്നതല്ല.

മുദ്രവച്ച പ്രധാന വലിയ കവറിൽ ക്വട്ടേഷനുകൾ പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർ, ഫാം ഇൻഫർമേഷൻ ബ്യൂറോ, കവടിയാർ - 3 എന്ന വിലാസത്തിൽ 29/04/2024 തീയതി 12 മണിയ്ക്ക് മുമ്പായി ലഭിച്ചിരിക്കണം

12 മണിയ്ക്ക് മുമ്പായി ലഭിച്ചിരിക്കണം. ക്വട്ടേഷൻ തുറക്കുന്ന സമയം 29/04/2024 3.pm ടി സമയം ഹാജരിയിട്ടുള്ള ക്വട്ടേഷൻ അപേക്ഷകരുടെ സാന്നിദ്ധ്യത്തിൽ പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസറുടെ നേതൃത്വത്തിലുള്ള സമിതി Two Cover System പരിശോധിച്ച് ഗുണമേന്മയുള്ള സാമ്പിളുകൾ സമർപ്പിച്ചത് തെരഞ്ഞെടുക്കുകയും അതിൽ നിന്നും ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയിട്ടുള്ള ക്വട്ടേഷൻ മറ്റ് നിബന്ധനകൾക്ക് വിധേയമായി അംഗീകരിക്കുന്നതുമാണ്. ഏതെങ്കിലും കാരണവശാൽ ക്വട്ടേഷൻ തുറക്കുന്ന ദിവസം സർക്കാർ അവധി പ്രഖ്യാപിക്കുന്ന പക്ഷം തൊട്ടടുത്ത പ്രവൃത്തി ദിവസം തുറക്കുന്നതായിരിക്കും. ക്വട്ടേഷൻ ഉള്ളടക്കം ചെയ്ത കവറിൽ മുകളിലായി **'കേരളകർഷകൻ - ഡിസൈൻ, ലേ ഔട്ട് ചെയ്യുന്നതിനുള്ള ക്വട്ടേഷൻ'** എന്ന് രേഖപ്പെടുത്തിയിരിക്കണം. പ്രത്യേകം കാരണം കാണിക്കാതെ തന്നെ ക്വട്ടേഷനുകൾ സ്വീകരിക്കുവാനും നിരസിക്കുവാനും ക്വട്ടേഷൻ തീയതിയിൽ മാറ്റം വരുത്താനും ക്വട്ടേഷൻ പൂർണ്ണമായി റദ്ദു ചെയ്യുവാനുള്ള അധികാരം പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസറിൽ നിക്ഷിപ്തമാണ്. സംസ്ഥാന സർക്കാരിൻറെ ക്വട്ടേഷൻ നിബന്ധനകളും എല്ലാ വ്യവസ്ഥകളും ഈ ക്വട്ടേഷനും ബാധകമായിരിക്കും.

ചുവടെ ചേർത്തിരിക്കുന്ന മാതൃകയിൽ കേരളകർഷകൻ മാസികയുടെ (മലയാള ഭാഷ) ഡിസൈൻ, ലേ-ഔട്ട് ചെയ്യുന്നതിനുള്ള ക്വട്ടേഷൻ Financial bid സമർപ്പിക്കേണ്ടതാണ്.

| | |
|---|---|
| പേര് | |
| പൂർണ്ണ വിലാസം | |
| ഫോൺ നമ്പർ | |
| ഇ-മെയിൽ ഐഡി | |
| ആധാർ നമ്പർ | |
| പ്രവർത്തി പരിചയം<br><br>1. വർഷം<br>2. സ്ഥാപനം | |
| കേരളകർഷകൻ ഒരു പേജ് (A4 size) ഡിസൈൻ, ലേ ഔട്ട് ചെയ്യുന്നതിനുള്ള തുക (അക്കത്തിലും അക്ഷരത്തിലും) GST ഉൾപ്പെടെ | |
| കേരളകർഷകൻ back outerഉം, Innerഉം, frontഉം, outerഉം, innerഉം<br>(A4 size) ഡി.റ്റി.പി, ഡിസൈൻ, ലേ-ഔട്ട് ചെയ്യുന്നതിനുള്ള തുക(അക്കത്തിലും അക്ഷരത്തിലും GST ഉൾപ്പെടെ. | |

I/206390/2024

Asa . S. Kumar
PRINCIPAL INFORMATION OFFICER

To
നോട്ടീസ് ബോർഡ്
സ്റ്റോക്ക് ഫയൽ
Website

ans20/02/2024

Signed by
Asa . S. Kumar
Date: 16-04-2024 16:29:41